ക്കുന്നതിനു വേണ്ട തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. പരീക്ഷകളുടെ വിശ്വാസ്യത നിലനിർത്താനുള്ള നടപടികളും കമ്മിഷൻ സ്വീകരിച്ചിട്ടുണ്ട്. പരീക്ഷകളുടെ വിശ്വാസ്യതയ്ക്കു കോട്ടം തട്ടിയതായിട്ടുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അന്വേഷണം നടത്തുകയും ആരോപണങ്ങളിൽ കഴമ്പുണ്ടെന്നു കണ്ടാൽ പരീക്ഷ തന്നെ റദ്ദാക്കുന്ന നടപടിയും കമ്മീഷൻ സ്വീകരിക്കാറുണ്ട്. ചോദ്യപേപ്പർ തയ്യാറാക്കുന്നതിലെ രഹസ്യസ്വഭാവം സൂക്ഷിക്കുന്നതിനായി പരീക്ഷകൾക്കുള്ള ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നത് ബന്ധപ്പെട്ട വിഷയങ്ങളിലെ പ്രഗത്ഭന്മാരാണ്. ഒരു പരീക്ഷയ്ക്ക് ഒന്നിൽ കൂടുതൽ വ്യക്തികളെക്കൊണ്ട് ചോദ്യങ്ങൾ തയ്യാറാക്കും. അവ ലഭിച്ചു കഴിഞ്ഞാൽ അതിൽ നിന്നും തുറന്നു നോക്കാതെ തന്നെ ഒരെണ്ണം നറുക്കെടുത്ത് സീൽ ചെയ്ത് പ്രിന്റിംഗിന് അയയ്ക്കുകയും ചെയ്യും. അവിടെനിന്നും സീൽ ചെയ്ത് കവറുകളിൽ ലഭിക്കുന്ന ചോദ്യപേപ്പർ പിന്നീട് പരീക്ഷാഹാളിൽ ഉദ്യോഗാർത്ഥികളുടെ സാന്നിദ്ധ്യത്തിൽ മാത്രമാണ് തുറക്കുന്നത്. അങ്ങനെ ചോദ്യം തയ്യാറാക്കുന്നതിലെ രഹസ്യ സ്വഭാവം സൂക്ഷിക്കുന്നു. സർക്കാർ ഓഫീസുകളിലുണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.ക്ക് യഥാസമയം റിപ്പോർട്ട് ചെയ്യാൻ സർക്കാർ എല്ലാ അധികാരികൾക്കും കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ നടപടികളെടുക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കമ്പ്യൂട്ടർവൽക്കരണം ആലോചനയിലാണ്. അതു നടപ്പിലാക്കാൻ തന്നെയാണ് ഉദ്ദേശിക്കുന്നത്. കൊല്ലങ്ങളായിട്ട് ഞാൻ കേൾക്കുന്ന ഒരു കാര്യമാണ് പി.എസ്.സി.യിൽ ക്ലാർക്കില്ല എന്നുള്ളത്. ക്ലാർക്ക് മാത്രം മതിയോ? അപ്പോൾ പൂർത്തിയാകുമോ? പോരാ. കമ്പ്യൂട്ടർവൽക്കരണവും കൂടി വന്നാൽ കുറെക്കൂടി വേഗത്തിൽ തീർക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കമ്പ്യൂട്ടർവൽക്കരണം നടപ്പിൽ വരുത്തണം. എങ്കിൽ മാത്രമേ കെട്ടിക്കിടക്കുന്ന അപേക്ഷകളിൽ കുറെയെങ്കിലും തീർക്കാൻ സാധിക്കൂ. പ്രത്യേകിച്ചും സംവരണം കൂടി വയ്ക്കുമ്പോൾ കുറെക്കൂടി താമസിക്കും. ഏതായാലും മെമ്പർ പറഞ്ഞത് പരിഗണനയിലെടുത്ത് നടപ്പിലാക്കാം.

<u>ശ്രീ. മോൻസ് ജോസഫ്</u> : ക്ലാർക്കുമാരുടെ കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ പറയുകയുണ്ടായി. അതുപോലെ ആദ്യം തന്നെ പി.എസ്.സി.യിൽ പഞ്ചിംഗ് സിസ്റ്റം കർശനമായി നടപ്പിലാക്കണം.

<u>ശ്രീ. ഇ.കെ. നായനാർ</u> : ക്രമേണ പി.എസ്.സി.യിൽ പഞ്ചിംഗ് സമ്പ്രദായം ആരംഭിക്കും.

IV. സബ്മിഷൻ

(1) തെന്മല ഡാം സൈറ്റിലെ കോളനികളിൽ നടന്ന ആക്രമണം

<u>ശ്രീ. കെ. പ്രകാശ് ബാബു</u> : സർ, ഫെബ്രുവരി മാസം 16-ാം തീയതി വെളിപ്പിന് കൊല്ലം ജില്ലയിലെ തെന്മല ഡാം സൈറ്റിയുള്ള രണ്ടു കോളനികളിൽ കോളനിക്കു വെളിയിൽ നിന്ന് വന്ന ആർ.എസ്.എസ്. കാരെന്ന് പറയപ്പെടുന്ന ഒരു സംഘം സാമൂഹ്യ വിരുദ്ധർ വളരെ ഭീകരമായ അക്രമം നടത്തി. ഏതാണ്ട് മുപ്പതിലധികം വീടുകൾ പൂർണ്ണമായും നശിപ്പിക്കപ്പെട്ടു. ധാരാളം വീടുകൾ ഭാഗികമായി നശിപ്പിച്ചു. വാൾ, വടിവാൾ, സൈക്കിൾ ചെയിൻ, കമ്പി തുടങ്ങിയ വിവിധ മാരകായുധങ്ങളുമായിട്ടാണ് ഈ സംഘം കോളനികളിൽ എത്തി ആക്രമണം നടത്തിയത്. പത്തിലധികം ആളുകൾ പരിക്കേറ്റ് വിവിധ ആശുപത്രികളിലായി ചികിത്സയിലാണ്. ഒരു കാലത്ത് ഡാമിന്റെ പണിക്കു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി വന്ന പാവപ്പെട്ട തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളുമാണ് അവിടെ താമസിക്കുന്നത്. അവർ നഷ്ടപ്പെട്ട വീടുകൾ നന്നാക്കിയെടുക്കുന്നതിനുപോലും സാമ്പത്തിക ശേഷിയുള്ളവരല്ല. വളരെ ക്രൂരമായ അക്രമണം നടത്തിയ ആ സംഘങ്ങളിലെ മുഴുവൻ ആളുകളെയും അറസ്റ്റു ചെയ്യണം. കുറച്ച് ആളുകളെ പിടിച്ചിട്ടുണ്ട്. ബാക്കിയുള്ള മുഴുവൻ ആളുകളേയും അറസ്റ്റു ചെയ്യണം. ഇവിടെ ഇപ്പോഴും ഒരു ഭീകര അന്തരീക്ഷം നിലനിൽക്കുകയാണ്. ഞങ്ങളോടു പോലും എല്ലാ കാര്യങ്ങളും പറയാൻ അവർക്ക് പേടിയായിരുന്നു. ഈ അക്രമികളെ മുഴുവൻ അറസ്റ്റു ചെയ്യാനും മാതൃകാപരമായി ശിക്ഷിക്കാനുമുള്ള നടപടിയുണ്ടാകണം. ഇവർ പാവപ്പെട്ട കൂലിവേലക്കാരായ തൊഴിലാളികളായതുകൊണ്ട് അവരെ പുനരധിവസിപ്പിക്കുന്ന എന്തെങ്കിലും സഹായം നൽകുന്നതിന് ഗവൺമെന്റ് തയ്യാറാകണമെന്നു ഞാൻ ഈ സന്ദർഭത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. വീടുകൾ കൊള്ളയടിക്കപ്പെട്ടു. വിവാഹാവശ്യങ്ങൾക്കുവേണ്ടി വച്ചിരുന്ന പണവും സ്വർണ്ണാഭരണങ്ങളുമൊക്കെ അവർ മോഷ്ടിച്ചുകൊണ്ടു പോയിട്ടുണ്ട്. അതുകൊണ്ട് ആ പാവപ്പെട്ട ആളുകളെ സാമ്പത്തികമായി സഹായിക്കുന്നതിന് കൂടി ഗവൺമെന്റ് തയ്യാറാകണം. അക്രമികളെ പൂർണ്ണമായും അറസ്റ്റു ചെയ്യുന്നതിനുള്ള നടപടികളുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച ആളുകൾ വളരെ പാവപ്പെട്ടവരാണ്. കൊല്ലം തെന്മല ഡാം സൈറ്റിലും പരിസരപ്രദേശങ്ങളിലും സി.ഐ.ടി.യു., ഐ.എൻ.ടി.യു.സി. തൊഴിലാളികളാണ് ജോലി ചെയ്തു വന്നിരുന്നത്. നിലവിലുള്ള വ്യവസ്ഥകൾ ലംഘിച്ച് ബി.എം.എസ്.കാർ തൊഴിലെടുക്കാൻ രംഗത്തു വന്നതുമായി ബന്ധപ്പെട്ട് 20.1.2000-ന് ബി.എം.എസ്, സി.ഐ.ടി.യു. പ്രവർത്തകർ തമ്മിൽ വഴക്കും കയ്യേറ്റവുമുണ്ടായി. ഇതു സംബന്ധിച്ച് തെന്മല പോലീസ് സ്റ്റേഷനിൽ ഇരു വിഭാഗങ്ങൾക്കുമെതിരെ ഒരു കേസ് രജിസ്റ്റർ ചെയ്തിരിക്കുകയാണ്. അതിനെത്തുടർന്ന് 15.2.2000-ന് ബി.ജെ.പി. പ്രവർത്തകർ ഡാം സൈറ്റിലുള്ള കോളനിയിൽ ഏതാനും വീടുകൾക്ക് നേരെ കല്ലെറിയുകയും പടക്കം പൊട്ടിച്ച് കേടു പാടുകൾ വരുത്തുകയും ചെയ്തു. കുളത്തുപ്പുഴയിൽ സി.പി.ഐ.(എം) അനുഭാവിയായ സന്തോഷിന്റെ വീടും ബി.ജെ.പി.കാർ തകർത്തു. ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തു അന്വേഷണം നടന്നു വരുന്നു. എട്ടു ബി.ജെ.പി. പ്രവർത്തകരെ അറസ്റ്റു ചെയ്തിട്ടുണ്ട്. സ്ഥലത്ത് ശക്തമായ പോലീസ് ബന്തവസ്സ് ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ സ്ഥിതി ശാന്തമാണെന്നാണ് അറിയുന്നത്. ജനങ്ങളുടെ സൈരജീവിതം ഉറപ്പുവരുത്താൻ ശക്തമായ നടപടി സ്വീകരിക്കുകയും തെന്മലയിലും പരിസര പ്രദേശത്തും സമാധാനം ഉറപ്പു വരുത്താനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുവാൻ കൊല്ലം ജില്ലാ പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(2) യൂത്ത് ഫ്രണ്ട് പ്രവർത്തകർ നടത്തുന്ന സെക്രട്ടേറിയറ്റ് മാർച്ച്

ശ്രീ. ടി.എം. ജേക്കബ് : സർ, ഞങ്ങളുടെ പാർട്ടിയുടെ യുവജനവിഭാഗമായ യൂത്ത് ഫ്രണ്ട് ഇന്ന് സെക്രട്ടേറിയറ്റിനു മുമ്പിൽ ഒരു മാർച്ച് നടത്തുകയാണ്. അവർ ഉന്നയിക്കുന്ന മൂന്നു കാര്യങ്ങൾ-(ഒന്ന്) പെൻഷൻ പ്രായം ഇപ്പോൾ സർവ്വീസിലുള്ള ആളുകളുടേത് 55 വയസ്സാണ്. അത് 58 വയസ്സായി

LIBRARY ARCHIVES Kerala Legislative Assembly